# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 314 13/07/2015 -ൽ മറുപടിക്ക്

## പി.എസ്.സി യിൽ ജീവനക്കാരുടെ ലഭ്യത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കൂടുതൽ നിയമനങ്ങൾ നടത്തൽ, നിയമന വെരിഫിക്കേഷൻ, യൂണിഫോമ്ഡ് ഫോഴ്സിലേക്ക് വർഷാ വർഷം പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കൽ ഉൾപ്പെടെയുള്ള അധിക ജോലികൾ പി.എസ്.സിയ്ക്ക് ചെയ്യേണ്ടി വരുമ്പോൾ അതിനനുസൃതമായി ജീവനക്കാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>എങ്കിൽ ആവശ്യമായ ജീവനക്കാരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br><br>(ബി) പി.എസ്.സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും ആവശ്യത്തിന് ജീവനക്കാരെയും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുമോ; വിശദാംശം നൽകുമോ? | (എ) & (ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ മധ്യതല മാനേജ്മെന്റ് ശക്തിപ്പെടുത്തുന്നതിലേക്കായും കമ്മീഷന്റെ ഭൗതീക വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമായി ജോയിന്റ് സെക്രട്ടറി - 2, ഡെപ്യൂട്ടി സെക്രട്ടറി - 4, അണ്ടർ സെക്രട്ടറി - 3, ഹാർഡ്‌വെയർ എഞ്ചിനീയർ - 2, സിസ്റ്റം അനലിസ്റ്റ് - 2 എന്നിങ്ങനെ 13 തസ്തികകൾ അനുവദിയ്ക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കൂടാതെ കേരള നിയമസഭയുടെ പ്രവാസി മലയാളി ക്ഷേമം സംബന്ധിച്ച സമിതി റിപ്പോർട്ടിന്റെ ഭാഗമായി ഇന്ത്യയിലെ മെട്രോ നഗരങ്ങളിൽ കൂടി പി.എസ്.സി പരീക്ഷാ നടത്തുന്നതിന് വേണ്ട തസ്തികകൾ ഏതൊക്കെയാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആരായുകയും 4 മെട്രോ നഗരങ്ങളിൽ സോണൽ ഓഫീസുകൾ ആരംഭിക്കുന്നതിന് പി.എസ്.സി സന്നദ്ധത അറിയിക്കുകയും, ഓരോ സോണൽ ഓഫീസിലേക്കും 10 വീതം മൊത്തം 40 തസ്തികകൾ അനുവദിയ്ക്കണമെന്ന് പി.എസ്.സി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രൊപ്പോസലിന്റെ വിശദമായ പരിശോധന നടത്തേണ്ടതിനാൽ അധിക സാമ്പത്തിക ബാധ്യത സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കാൻ പി.എസ്.സിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ